# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2697** **10.07.2015** -ൽ മറുപടിക്ക്

## പൈതൃക മ്യൂസിയങ്ങൾ

ചോദ്യം ഉത്തരം

ശ്രീ. വി.ഡി. സതീശൻ :
ശ്രീ. എം.എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | പൈതൃക മ്യൂസിയങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കേരളത്തിലെ 14 ജില്ലകളിലും ജില്ലാ പൈതൃക പുരാവസ്തു മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, വയനാട്, പാലക്കാട് ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) | ഓരോ ജില്ലയിലെയും സവിശേഷമായ പൈതൃകത്തിന് ഊന്നൽ നൽകുകയും അതോടൊപ്പം നമ്മുടെ നാടിന്റെ പൊതുവിലുള്ള പൈതൃകം ദർശിക്കുന്നതിലേയ്ക്കും സാധ്യമാക്കുന്ന ഒരു കേന്ദ്രം എന്നതാണ് ജില്ലാ പൈതൃക പുരാവസ്തു മ്യൂസിയങ്ങളുടെ ലക്ഷ്യം. |
| (സി) | ആരുടെയെല്ലാം സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിനു സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ ? | | പുരാവസ്തു വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. മ്യൂസിയങ്ങളുടെ നിർമ്മാണ സജ്ജീകരണ പ്രവർത്തനങ്ങൾ മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായ 'കേരളം ചരിത്ര പൈതൃക മ്യൂസിയം' വഴിയാണ് നടപ്പിലാക്കുന്നത്. ഇതുവരെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പത്തനംതിട്ട, വയനാട്, പാലക്കാട് ജില്ലകളിൽ മ്യൂസിയം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

Saradadevi

സെക്ഷൻ ഓഫീസർ